# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1140 **04/12/2014** ൽ മറുപടിക്ക്

## സ്കൂൾ യൂണിഫോം വിതരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | എ) നടപടികൾ പൂർത്തിയായിട്ടുണ്ട്. യൂണിഫോമിനു വേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള തുക എസ്.എസ്.എയുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ ഓഫീസിലേയ്ക്കും കൈമാറുകയും, ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ (ബി.ആർ.സി) എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സികൾ സ്കൂളുകളിൽ എത്തിക്കുകയും ഹെഡ്മാസ്റ്റർമാർ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടെ രണ്ട് ജോഡി ഗുണനിലവാരമുള്ള യൂണിഫോമുകൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുകയും ചെയ്യുന്നു. |
| ബി) യൂണിഫോം വിതരണത്തിന് കാലതാമസം നേരിടാനുണ്ടായ കാരണം വിശദമാക്കുമോ? | ബി) കേന്ദ്ര ഗവൺമെന്റിൽ നിന്നും എസ്.എസ്.എയിലേക്ക് ഫണ്ട് ലഭിക്കുന്നതിനുണ്ടായ കാല വിളംബംമൂലമാണ് സമയബന്ധിതമായി യൂണിഫോം വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടത്. |

സെക്ഷൻ ഓഫീസർ